LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി പുനരധിവാസം

68(374) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം ആദിവാസി പുനരധിവാസ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; ഓരോ പുനരധിവാസ മേഖലയിലും വികസനത്തിന് നീക്കിവച്ച തുക എത്രയാണ്; അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷം ഭൂരഹിതരായ 5011 പേർക്ക് വിവിധ പദ്ധതികളിലായി 4146.53 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. ഓരോ പുനരധിവാസ മേഖലയുടെ വികസനത്തിനായി ഒരു നിശ്ചിത തുക നീക്കിവയ്ക്കാറില്ല. പുനരധിവാസ മേഖലകളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന തുക അനുവദിക്കുന്നുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് വേണ്ടി കിർത്താഡ്സിന് സർക്കാർ എത്ര തുക നൽകി; എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; ഏതെല്ലാം റിപ്പോർട്ടുകളാണ് സമർപ്പിച്ചത് ?

ആദിവാസി പുനരധിവാസ വികസന മിഷൻ പുനരധിവാസ മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിനായി കിർത്താഡ്സിന് 12,35,000 രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലെ പുനരധിവാസ മേഖലകളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഗോത്രഭാഷാ പഠനകേന്ദ്രം സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി 15 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കിർത്താഡ്സിന് നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിലും ആറളം ഫാമിങ് കോർപ്പറേഷനിലും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് ആറളം ഫാമിംഗ് കോർപ്പറേഷനിൽ നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു. ആറളം ഫാമിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് കേരള ക്ഷീര സർവ്വകലാശാലയിലെ എക്സ്പേർട്ട് കമ്മിറ്റി പട്ടികവർഗ്ഗ വികസന വകുപ്പിൽ സമർപ്പിച്ച 1456.375 ലക്ഷം രൂപയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 10 കോടി രൂപ വകയിരുത്തുകയും ആറളം ഫാമിന്റെ നവീകരണത്തിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡിന് 3 കോടി രൂപ അനുവദിച്ചുത്തരവാകുകയും അതിൻ പ്രകാരമുള്ള ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട നവീകരണ പ്രവൃത്തികളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ

69 (375) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിക്കുമ്പോൾ സർക്കാർ മുന്നോട്ടുവച്ച ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ചും അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് മേഖലയും വർഷവും തിരിച്ച് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.